(ബി) ഈ കേസുകളിലൊട്ടാകെ എത്ര കോടി രൂപയാണ് പിരിഞ്ഞു കിട്ടേണ്ടത്;

(സി) ഈ കേസുകൾ കഴിയുന്നതും വേഗം തീർക്കാൻ എന്തെങ്കിലും നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ കേസുകൾ എത്രയും വേഗം തീർക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കാർഷികാദായനികുതി കേസുകളിൽ 271 എണ്ണവും വിൽപന നികുതികേസുകളിൽ 960 എണ്ണവും ഉൾപ്പെടെ ആകെ 1231 കേസുകൾ ഇപ്പോൾ നിലവിലുണ്ട്. മറ്റു നികുതി കേസുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) 'സി' വിഭാഗത്തിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകൾക്ക് കെട്ടിടം പണിയുവാനുള്ള പദ്ധതി

* 106. [148] ശ്രീ. കെ. ടി. കുമാരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട സൗകര്യം തീരെയില്ലാത്ത ഗവൺമെന്റ് സ്കൂളുകൾക്ക് കെട്ടിടം പണിയുവാനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി പ്രകാരം ഈ വർഷം എത്ര സ്കൂളുകൾ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) കെട്ടിടസൗകര്യം തീരെയില്ലാത്തതും നല്ല നിലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപക രക്ഷാകർത്തൃ സമിതികൾ ഉള്ളതുമായ ഏതാനും സ്കൂളുകളിൽ ഒരു നിശ്ചിതസമയത്തിനുള്ളിൽ പി. ഡബ്ലി. എ. യുടെ ഉത്തരവാദിത്വത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപയും ആ തുകയ്ക്ക് തീരുന്നതുമായ ഒരു ടൈപ്പ് ഡിസൈനും പി. ഡബ്ലി. എ.യെ ഏൽപ്പിക്കും. വിദ്യാഭ്യാസവകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റേയും മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാകും. ഈ പദ്ധതിയനുസരിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിവരികയാണ്. ഇതിലേക്ക് ഓരോ നിയോജകമണ്ഡലത്തിൽ നിന്നും രണ്ടു സ്കൂളുകൾ വീതം നിർദ്ദേശിക്കുവാൻ എം. എൽ. എ. മാരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്.

റയിൽവേ ഓവർബ്രിഡ്ജുകൾ

* 107. [149] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര റെയിൽവേ ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ ഉദ്ദേശമുണ്ട് ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ നിർദ്ദേശമുള്ളത് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ 12 ഓവർബ്രിഡ്ജുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. ബി.ആൻറ് ആർ. വിഭാഗത്തിൽ 1985-86 കാലഘട്ടത്തിൽ 7-ും 1986-87 കാലഘട്ടത്തിൽ 8-ും ഓവർബ്രിഡ്ജുകൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. ഇവയ്ക്കു പുറമേ നിക്ഷേപ പദ്ധതിപ്രകാരം രണ്ട് ഓവർബ്രിഡ്ജുകളും നിർമ്മിക്കാനുദ്ദേശിക്കുന്നു.

(ബി) എൻ.എച്ച്. വിഭാഗത്തിൽ

എൻ.എച്ച്.17-ൽ

1. ചൊവ്വ
2. നടാൽ
3. പള്ളിക്കര
4. പട്ടാനയാട്
5. കടവൂർ
6. ചെങ്ങോട്ട്കാവ്
7. ഇടപ്പള്ളി
8. ചേറോഡ്
9. കുറ്റിപ്പുറം (1985-86-ൽ ആരംഭിക്കും)

എൻ.എച്ച്.47-ൽ

(1) ആലുവായ്ക്കും എറണാകുളത്തിനുമിടയിൽ കി മീ. 330/00-ൽ

(2) ആലപ്പുഴ ബൈപ്പാസിൽ കി. മീ. 2/350

(3) നേവൽആർമിമെൻ ഡിപ്പോയിലേക്കുള്ള സൈഡിംഗിൽ കി.മീ. 332/00-ൽ.

ബി.ആൻറ് ആർ. വിഭാഗത്തിൽ 1985-86-ൽ

(1) കോഴിക്കോട് ഫ്രാൻസിസ് റോഡിൽ

(2) തൃശ്ശൂർ മെഡിക്കൽ കോളേജിലേക്കുള്ള അപ്രോച്ച് റോഡിൽ മുളങ്കുന്നത്തുകാവിൽ.

(3) തൃശ്ശൂർ ഷൊർണ്ണൂർ റോഡിലെ ഡീവിയേഷൻ റോഡിൽ വടക്കാഞ്ചേരിക്കും മുളങ്കുന്നത്തുകാവിനുമിടയിൽ

(4) വടക്കാഞ്ചേരിക്കും മുളങ്കുന്നത്തുകാവിനുമിടയിൽ കി. മീ. 19/01-ൽ

LIBRARY ARCHIVES Kerala Legislative Assembly